(സി) ഇക്കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

(ഡി) പല പ്രാവശ്യം വിവിധ വകുപ്പുകൾക്ക് ബസ് വാടക ഇനത്തിൽ വരുത്തിയ കുടിശ്ശിക അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ട്. ഡി. ജി. പി. യ്ക്കും ബന്ധപ്പെട്ട കളക്ടർമാർക്കും ഇത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ കത്ത് അയച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടുവാനുള്ള തുകയെ സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക ഇനത്തിൽ ആകെ 1,19,21,441 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു. ഈ വകയിൽ 11,47,902 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ

210 (3999) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന ബസ് സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി., കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി അംഗീകരിച്ച കരാറിന്റെ വിശദാംശം നൽകുമോ ;

(ബി) കരാർ പ്രകാരം ഓരോ സംസ്ഥാനവും ഇപ്പോൾ എത്ര അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ നടത്തുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്തർ സംസ്ഥാന ബസ് സർവ്വീസ് സംബന്ധിച്ച് കേരളം കർണ്ണാടകയുമായും തമിഴ്നാടുമായും കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഈ സംസ്ഥാനങ്ങളുമായുള്ള കരാറുകൾ 1976-ലാണ് നിലവിൽ വന്നത്. കരാറുകൾ ക്കനുസൃതമായി സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് മാതൃ സംസ്ഥാനത്ത് മാത്രം നികുതി അടച്ചാൽ മതി. നിലവിൽ അംഗീകരിച്ച അന്തർ സംസ്ഥാന റൂട്ടുകളിൽ വരുന്ന ഒഴിവുകൾ ബന്ധപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗുകൾക്ക് മാത്രമാണ് നൽകുന്നത്. 1976-ൽ കേരള-തമിഴ്നാട് സർക്കാരുകൾ തമ്മിൽ അന്തർ സംസ്ഥാന റോഡ് ഗതാഗത സർവ്വീസുകളെ സംബന്ധിച്ച് രൂപീകരിച്ച കരാർ പ്രകാരമാണ് കേരള-തമിഴ്നാട് മേഖലയിൽ ഇരു സംസ്ഥാന ങ്ങളിലേയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ സർവ്വീസുകൾ നടത്തുന്നത്. ടി കരാറിന്റെ തുടർച്ചയായി കാലാകാലങ്ങളിൽ സപ്ലിമെന്ററി കരാറുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ കരാറുകൾ പ്രകാരം ഇരു സംസ്ഥാനങ്ങളിലേയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് അയൽ സംസ്ഥാനത്തേയ്ക്ക് നടത്താവുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസുകൾ, ഓടിക്കാവുന്ന പരമാവധി ദൂരം, കൃത്യമായ റൂട്ടുകൾ, ബസ്സുകളുടേയും ട്രിപ്പുകളുടേയും എണ്ണം, സ്പെഷ്യൽ സർവ്വീസ് നടത്തിപ്പുകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള സപ്ലിമെന്ററി കരാർ പ്രകാരം തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷന് കേരളത്തിൽ 4,226.6 കി. മീറ്റർ അധികദൂരം ഓടിക്കാനും, കെ. എസ്. ആർ. ടി. സി. ക്ക് തമിഴ്നാട്ടിൽ 4,232.4 കി. മീറ്റർ അധികദൂരം ഓടിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷന് കേരളത്തിൽ 14,343 കി. മീറ്റർ അധികദൂരം ഓടിക്കാനും, കെ. എസ്. ആർ. ടി. സി. ക്ക് കർണ്ണാടകത്തിൽ 14,401 കി. മീറ്റർ അധികദൂരം ഓടിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏറ്റവും പുതിയ കരാറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി)

കേരളം-കർണ്ണാടക	
എസ്. ടി. യു. 103	സ്വകാര്യം 18
കേരളം-തമിഴ്നാട്	
എസ്. ടി. യു. 159	സ്വകാര്യം 24

(സി) കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകളിൽ നിന്നും ശരാശരി 23 രൂപ 88 പൈസ കി. മീറ്റർ പ്രതി വരുമാനം (EPKM) ലഭിക്കുന്നുണ്ട്. ദൈനംദിന ചെലവുകളുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുമ്പോൾ ഒരു ഷെഡ്യൂളിന് 20 രൂപ എങ്കിലും EPKM ലഭിച്ചാൽ മാത്രമേ നഷ്ടം കൂടാതെ സർവ്വീസ് നടത്താനാകൂ. ഇപ്പോൾ ഓടിക്കുന്ന 262 ഷെഡ്യൂളുകളിൽ 63 ഷെഡ്യൂളുകൾ 20 രൂപയ്ക്ക് താഴെ മാത്രം വരുമാനം ലഭിക്കുന്നവയാണ്. അന്തർ സംസ്ഥാന സർവ്വീസുകൾ ശരാശരി ലാഭം നൽകുന്നുവെങ്കിലും 63 ഷെഡ്യൂളുകൾ ലാഭത്തിലല്ല ഓടിക്കുന്നത്.

കാസർഗോഡ്-മംഗലാപുരം റൂട്ടിൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി

211 (4000) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-മംഗലാപുരം റൂട്ടിൽ കർണ്ണാടക സർക്കാർ, ലോ-ഫ്ളോർ എ.സി. ബസ്സുകൾ സർവ്വീസുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ഇത്തരം ബസ്സുകൾ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.